പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*112 04.12.2014 - ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, പി.കെ.ബഷീർ<br>,, കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതയുടെ വീതി നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്നതിന്റെ വിശദവിവരം നൽകാമോ; | (എ) | കേരളത്തിലെ ദേശീയപാതകളുടെ വീതി 45 മീറ്റർ ആയി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ കാര്യത്തിൽ വീതിയെ സംബന്ധിച്ച് ഇളവെന്തെങ്കിലും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ; | (ബി) | ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയപാതയ്ക്ക് ആവശ്യമായ വീതി 60 മീറ്റർ ആണ്. എന്നാൽ കേരളത്തിന്റെ ജനസാന്ദ്രതയും, സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും കാരണം കേരളത്തിലെ ദേശീയപാതയുടെ വീതി 45 മീറ്ററായി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാരിന്റെ നിലപാടനുസരിച്ച് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ വേണ്ടി വരുന്ന ഭാരിച്ച ചെലവ് ഏതു വിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള നിയമമനുസരിച്ച് ദേശീയപാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ